*Celebrating Extraordinary Missionary Month October 2019…*

**Thursday, 17 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം വ്യാഴം

Mt 25:1-13

പത്ത് കന്യകമാർ

Fr. Winson Moyalan CMI

യുഗാത്മക കാത്തിരിപ്പ് മത്തായിയുടെ സുവിശേഷത്തിലെ പൊതുവായ ഒരു പ്രമേയമാണ്. യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ നടക്കുന്ന വിധിയേയും, വേർതിരിവിനേയും, ശിക്ഷയേയുമൊക്കെയാണ് അവിടെ പ്രതിപാദിക്കുന്നത്.
ഓരോ ശിഷ്യനും യേശു നല്കിയ ഈ മുന്നറിയിപ്പിന്റെ സന്ദേശമാണ് ലോകത്തോട് പ്രഘോഷിക്കേണ്ടത്.
യേശുവിനെ എതിരേല്ക്കാൻ പുറപ്പെട്ട വിവേകശൂന്യകളായ കന്യകമാരും ഏറെ പ്രതീക്ഷയോട് കൂടി തന്നെയാണ് മണവാളനെ എതിരേല്ക്കാൻ കാത്തിരുന്നത്. പക്ഷെ, അവസാന നിമിഷം അവർക്ക് അമളി പറ്റി. "കർത്താവേ, കർത്താവേ, ഞങ്ങൾക്കും വാതിൽ തുറന്നു തരണമേ" എന്നവർ താണുവീണപേക്ഷിക്കുന്നത് അതുകൊണ്ടാണല്ലോ?
ഇതുമായി ഏറെ ബന്ധമുള്ള ഒരു ഭാഗമാണ് മത്തായി 7 21-ലും നാം വായിക്കുക. "കർത്താവേ, കർത്താവേ" എന്ന വിളി അവിടെയുമുണ്ട്. പക്ഷെ പിതാവിന്റെ ഇഷ്ടം നിറവേറ്റാത്ത അവരെ യേശു അറിയുക പോലുമില്ലത്രേ!
'എണ്ണ കരുതിയ വിവേകമതികൾ' എന്നാൽ 'പിതാവിന്റെ ഇഷ്ടം നിറവേറ്റിയവർ' എന്നാണർത്ഥം. പിതാവിന്റെ വചനം ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമുള്ള മനുഷ്യന് തുല്ല്യനാണ് (16:16).
നല്ല നിലത്ത് വിത്ത് വിതച്ച് നൂറ് മേനി വിളവെടുത്തതും അവനാണ് (13:8).
എന്നാൽ പിതാവിന്റെ ഹിതം നിറവേറ്റാതെ ജീവിച്ചവരോട് അവിടുന്ന് പറയുക: "ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്ന് അകന്നു പോകുവിൻ " എന്നൊക്കെയാണ് (7:23). അതിനാൽ നീതി പ്രവർത്തിക്കുക എന്നാൽ ദൈവഹിതം നിറവേറ്റുക എന്നാണർത്ഥം.
നിത്യവിധിയുടെ ആ ദിവസത്തെക്കുറിച്ചോ, മണിക്കൂറിനെക്കുറിച്ചോ അറിവില്ലാത്തതിനാൽ ജാഗ്രതയോടെയായിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry